**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2559** **21-01-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകാനുള്ള തുക.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എസ്. ശബരീനാഥൻ** | | **Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ ഉത്തരവ് പ്രകാരം അർഹരായ കർഷകർക്ക് നൽകിയിട്ടുള്ള ആശ്വാസ നടപടികളുടെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ നൽകാനുണ്ട്; | (എ) | വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും, ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിൻമേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും, ടി അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയിൽ നിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അലോട്ട് നൽകുകയുമാണ് ചെയ്യാറുള്ളത്. ഇത്തരത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ നിന്നും കൃഷി വകുപ്പിലേക്ക് അർഹത റിപ്പോർട്ട് ചെയ്തിട്ടുള്ള തുകകളിൽ ഇനി 7,72,94,657/-രൂപയുടെ അലോട്ട്മെന്റ് കൂടി സർക്കാറിൽ നിന്നും (കൃഷി വകുപ്പ്) ലഭിക്കുവാനുണ്ട്. കൃഷി വകുപ്പിൽ നിന്നും നാളിതുവരെ സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടുള്ള മുഴുവൻ തുകയും ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് പിൻവലിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഈ തുക എന്നേക്ക് നൽകുമെന്ന വിശദാംശം നൽകാമോ? | (ബി) | വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും, ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിൻമേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും, ടി അവാർഡുകളുടെ |

| | | | |
|---|---|---|---|
| | | | അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയിൽ നിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അലോട്ട് നൽകുകയുമാണ് ചെയ്യാറുള്ളത്. ഇത്തരത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ നിന്നും കൃഷി വകുപ്പിലേക്ക് അർഹത റിപ്പോർട്ട് ചെയ്തിട്ടുള്ള തുകകളിൽ ഇനി 7,72,94,657/-രൂപയുടെ അലോട്ട്മെന്റ് കൂടി സർക്കാരിൽ നിന്നും (കൃഷി വകുപ്പ്) ലഭിക്കുവാനുണ്ട്. കൃഷി വകുപ്പിൽ നിന്നും നാളിതുവരെ സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടുള്ള മുഴുവൻ തുകയും ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് പിൻവലിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ